DESPATCHED
Dt. 23/06/2020

04/02/2020


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in


**ഹർജി നമ്പർ AP. 1899*(2)/2019*/*എസ്.ഐ.സി.***
**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**
**(ഫയൽ നം. 15243/*എസ്.ഐ.സി–ജി 6/2019*)**

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ.കൃഷ്ണകുമാർ.കെ,**
**കൃഷ്ണ ഭവൻ, പുന്നൈക്കുന്നം,**
**കുടവൂർ പി.ഒ, തിരുവനന്തപുരം – 695 313.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,**
   **തിരുവനന്തപുരം – 14.**

2. **അപ്പീൽ അധികാരി,**
   **വിദ്യാഭ്യാസ ഉപഡയറക്ടറാഫീസ്,**
   **തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14.06.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | ..... |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 28.07.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | .... |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.09.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.09.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18.01.2020 – കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ.കൃഷ്ണകുമാർ.കെ 18.09.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീലിന്മേൽ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമായില്ലായെന്നും ഒന്നാം അപ്പീലിന് ലഭിച്ച മറുപടി തൃപ്തികരമല്ലായെന്നും ആയതിനാൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 14.06.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത് താഴെപറയുന്ന വിവരങ്ങളാണ്:

i) 26.04.2019 ന് ആറ്റിങ്ങൽ ഗവ.ഗേൾസ് എച്ച്.എസ്സ്.എസ്സിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നൽകിയ വിവരാവകാശ രേഖയിൽ ടിയാൻ 2015–16, 2016–17 വർഷങ്ങളിലെ പി.ടി.എ മിനിട്ട്സിന്റെ പകർപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇതിന് ലഭിച്ച 12.04.2018 ലെ മറുപടിയിൽ മേൽപ്പറഞ്ഞ മിനിട്ട്സ് ബുക്കുകൾ ആഡിറ്റിംഗ് പ്രക്രിയയ്ക്കായി ഡി.ഡി.ഇ ഓഫീസിലേയ്ക്ക് അയച്ചിരിക്കുകയാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ടി മിനിട്ട്സ് തപാലിൽ അയച്ച തീയതി എന്നാണ്?.

ii) ടി മിനിട്ട്സ് ബുക്കുകൾ ഓഡിറ്റിംഗ് പൂർത്തിയാക്കി തിരിച്ചയച്ചിട്ടുണ്ടോ. ഉണ്ട് എന്നാണെങ്കിൽ തിരിച്ചയച്ച തീയതി.

iii) സ്കൂളുകളിൽ നിന്ന് പി.ടി.എ മിനിട്ട്സ് ബുക്കുകൾ ഇപ്രകാരം ഓഡിറ്റിംഗിനായി ഡി.ഡി.ഇ ഓഫീസിൽ എത്തിക്കാറുണ്ടോ. തുടങ്ങിയ വിവരങ്ങളായിരുന്നു.

3. രണ്ടാം എതിർകക്ഷി 08.11.2019 ൽ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ചതായി പറയുന്ന അപേക്ഷ പ്രസ്തുത ഓഫീസുമായി ബന്ധപ്പെട്ടതല്ലായെന്നും, തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ടതാണെന്നും ആയതിനാൽ ലഭിച്ച നോട്ടീസും, അനുബന്ധ രേഖകളും തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിലെ അപ്പീൽ അധികാരിക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ

സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയ്ക്ക് എതിർകക്ഷി സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നില്ല. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കകം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷികൾക്കു യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ഫെബ്രുവരി 04-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)**